## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 254 — 02/03/2020-ൽ മറുപടിക്ക്

### ജീവിതശൈലീരോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നു. ആഗോള തലത്തിൽ തന്നെ ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനങ്ങൾക്കിടയിൽ സാമ്പത്തികമോ, സാമുദായികമോ, പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണ നിരക്കും, രോഗാതുരതയും, സാമ്പത്തിക ഭദ്രതയും പ്രതികൂലമായി ബാധിച്ചുകൊണ്ട് ജീവിതശൈലി രോഗങ്ങൾ മുൻ നിരയിലേക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാ ജനറൽ ആശുപത്രികളിലും, കുടുംബക്ഷേമ ഉപ കേന്ദ്രങ്ങളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗ നിർണ്ണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യം എന്ന ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലി ക്ലിനിക്കുകൾ പ്രവർത്തിക്കുകയും, സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന COPD, വിഷാദരോഗം, ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടെയുള്ള വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കുകളിലൂടെ നടത്തി വരികയും ചെയ്യുന്നു. |

| | |
|---|---|
| | ഇതിനു പുറമേ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെ കുറിച്ച് ആരോഗ്യ ബോധവത്കരണം നൽകി വരുന്നു. ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും, ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ജീവിതശൈലി രോഗങ്ങളുടെ വ്യാപ്തിയും, അതിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ബൃഹദ് സർവ്വേയും ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ